കേരളത്തിൽ ഏറ്റവും കുറച്ച് വരുമാനമുള്ള ഡിപ്പോകളിലൊന്നാണ് ചാത്തന്നൂർ ഡിപ്പോ. 15 രൂപയാണ് ഇ.പി.കെ.എം. 18 രൂപയെങ്കിലും ഇല്ലാത്ത ഇ.പി.കെ.എം. ഉള്ള സർവ്വീസുകൾ ഓടിയ്ക്കരുതെന്ന് ഈ ഗവൺമെന്റ് വന്നതിനുശേഷം നിയമിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ മന്ത്രി സ്ഥാനം ഏറ്റെടുക്കുന്നതിനു മുമ്പുതന്നെ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ 15 രൂപ ആയിട്ടുപോലും 34 ഷെഡ്യൂളും ഓടിച്ചിട്ടുണ്ട്. ഇഷ്ടമില്ലാത്തയച്ചി തൊട്ടതെല്ലാം കുറ്റം എന്നുപറഞ്ഞതുപോലെ ന്യായങ്ങൾ കണ്ടുപിടിക്കാമെന്നല്ലാതെ അവിടെ യാതൊരു വിവേചനവും കാണിച്ചിട്ടില്ല. ഇനിയും സർവ്വീസ് നടത്താൻ സാധ്യതയുള്ള ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. തയ്യാറാകും.

ശ്രീ. രാജു എബ്രഹാം : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു പോയിന്റുമില്ല ഓർഡറുമില്ല. നോ,...നോ,..... പ്ളീസ്,.....പ്ളീസ്,..... ശ്രീ. സി. ടി. അഹമ്മദ് അലി..... (ബഹളം) ..... ശ്രീ. സി. ടി. അഹമ്മദ് അലി.....

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ജില്ലാ ആസ്ഥാനമായ കാസർഗോഡ് ..... (ബഹളം) .....

ശ്രീ. രാജു എബ്രഹാം : സർ, മന്ത്രിയെ കയ്യേറ്റം ചെയ്യുകയാണ്. ..... (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : ആരെങ്കിലും ഒരാൾ പറയൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചു. ആ സബ്മിഷനിൽ സാധാരണഗതിയിൽ പറയുവാൻ പാടില്ലാത്ത കാര്യം പറഞ്ഞു.....(ബഹളം).....അതിന് മന്ത്രി മറുപടി പറഞ്ഞപ്പോൾ അപ്പുറത്തുനിന്നും മന്ത്രിയെ സംസ്കാര ശൂന്യനെന്ന് ഭരണകക്ഷിയിലെ അംഗങ്ങൾ വിളിച്ചു. അങ്ങനെയുള്ള ഒരു മന്ത്രിക്ക് മന്ത്രിസഭയിൽ തുടരാൻ അവകാശമുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയണം.

മി. ഡെപ്യൂട്ടി സ്പീക്കർ : നമുക്ക് ശാന്തമായിട്ട് പോകണം. നിങ്ങളൊക്കെ ഇങ്ങനെയായാൽ.....(ബഹളം)..... ശ്രീ. അഹമ്മദ് അലി,.....

(6) കാസർഗോഡ് ജില്ലയിലെ താലൂക്കാശുപത്രിയോടനുബന്ധിച്ച് ആരംഭിച്ച കെട്ടിടത്തിന്റെ പണി പൂർത്തിയാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ജില്ലാ ആസ്ഥാനമായ കാസർഗോഡ് പാവപ്പെട്ട രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയാണ് കാസർഗോഡ് താലൂക്കാശുപത്രി. ആയിരക്കണക്കിന് രോഗികളാണ് ഇവിടെ ഓരോ ദിവസവും വരുന്നത്. ജീർണ്ണിച്ച കെട്ടിടത്തിലാണ് ആശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

31-7-1992-ൽ ഭരണാനുമതിയും 27-2-1993-ൽ പ്രത്യേകാനുമതിയും 29-6-1995-ന് സാങ്കേതികാനുമതിയും നൽകി പണി ആരംഭിച്ച ഏഴുനില കെട്ടിടം 12 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കുവാൻ കഴിയാതെ കിടക്കുകയാണ്. അതേയവസരത്തിൽ ഇന്ന് സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗിന്റെ വർക്ക് മന്ദഗതിയിലാണ് ഇപ്പോൾ നടക്കുന്നത്. ആശുപത്രിയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത അഡീഷണൽ വർക്കുകളായ ശുചീകരണം, മാർബിളിന് പകരം മൊസൈക്ക്, ജനറേറ്ററോടുകൂടിയ ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ നടത്തണം. ഇരുമ്പ് ഫ്രെയിമായിരുന്നു എസ്റ്റിമേറ്റിൽ കാണിച്ചിരുന്നത്. തീരദേശ പ്രദേശങ്ങളായതുകൊണ്ട് തുരുമ്പ് പിടിക്കുവാൻ സാധ്യതയുള്ളതുകൊണ്ട് അതിനുപകരം അലുമിനിയം ഫ്രെയിം സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ 4 കോടി 77 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇന്നുവരെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ഇതിന്റെ പ്രവർത്തനം പൂർത്തീകരിക്കാതെ കിടക്കുകയാണ്. അടിയന്തിരമായി പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി എത്രയുംവേഗം കാസർഗോഡ് ജില്ലയിൽ 200 ബെഡ്ഡുകളുള്ള ഏഴുനില കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുവാനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തി ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി, വിനോദസഞ്ചാരവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന താലൂക്കാശുപത്രിയുടെ കെട്ടിടം പണി ഏതാണ്ട് പൂർത്തിയായിവരികയാണ്. 2003 ഡിസംബർ വരെ ഈ കെട്ടിടത്തിന് 1,57,41,341 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എൻജിനീയറുടെ പരിശോധനയിലാണ്. കെട്ടിടം പൂർത്തിയാക്കുന്നതിനുള്ള തുക പൊതുജനങ്ങളുടെ സംഭാവനയായോ ജനപ്രതിനിധികളുടെ ഫണ്ടിൽ നിന്നോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നോ സമാഹരിക്കുന്നതിനുവേണ്ടി 15-3-2003-ൽ ആരോഗ്യ വകുപ്പ് സെക്രട്ടറി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. 31-12-2005-നുമുമ്പ് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ആ കാര്യവും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അവിടെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ആ കാര്യവും ഗവൺമെന്റ് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly